# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.8145 — 17.07.2014 – ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ആയൂർവേദ സംസ്ഥാനമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ സെൽവരാജ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ സമ്പൂർണ്ണ ആയൂർവേദ സംസ്ഥാനമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഇല്ല. ആയൂർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ ഘട്ടം ഘട്ടമായി ആരംഭിക്കുന്ന നടപടി നടന്നുവരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ആയൂർവേദ ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ അധിവസിക്കുന്ന എല്ലാ ജന വിഭാഗങ്ങൾക്കും ചികിത്സ ലഭ്യമാക്കുകയാണ് ഉദ്ദേശ്യം. ആയൂർവേദത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ഒരു ജീവിത രീതി തന്നെ രൂപപ്പെടുത്തിയെടുക്കുന്നതിന് സാധിക്കും. |
| (സി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ ആയൂർവേദ ചികിത്സയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തി അവയുടെ തീരുമാനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പുതിയ ആയൂർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഡിസ്പെൻസറികൾ ആശുപത്രികളായി |

ഉയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ഈ ലക്ഷ്യം കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി | 2014-15 സാമ്പത്തിക വർഷം 25 പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം പഞ്ചായത്തുകളുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ